ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:17.12.2024**

## പ്രധാനവാർത്തകൾ

1. **ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബിൽ ലോക് സഭയിൽ. ഭരണഘടനയുടെ 75-ാം വാർഷികത്തോടനുബന്ധിച്ച് രാജ്യസഭയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മറുപടി ഇന്ന്.**

2. **സംസ്ഥാനത്ത് തുടർച്ചയായി റോഡപകടങ്ങൾ ഉണ്ടാകുന്ന പശ്ചാത്തലത്തിൽ ഗതാഗതമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇന്ന് ഉന്നതതല യോഗം.**

3. **കേരള രാജ്യാന്തര ചലച്ചിത്രമേള തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. ഇന്ന് 67 സിനിമകളുടെ പ്രദർശനം.**

4. **ജോർജിയയിൽ 11 ഇന്ത്യൻ പൗരന്മാരുടെ മരണം സ്ഥിരീകരിച്ച് ഇന്ത്യൻ എംബസി.**

5. **സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ആദ്യത്തെ ആയുർവേദ ഐ ആന്റ് ഇ.എൻ.ടി ആശുപത്രിക്ക് കണ്ണൂരിൽ ആരോഗ്യമന്ത്രി നാളെ തറക്കല്ലിടും.**

6. **78-ാ മത് സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനൽ റൗണ്ട് മത്സരത്തിൽ കേരളം ഇന്ന് മേഘാലയയെ നേരിടും.**

========================================

RNU TVPM

## രാഷ്ട്രപതി സന്ദർശനം

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ അഞ്ച് ദിവസത്തെ ആന്ധ്രാപ്രദേശ് - തെലങ്കാന സന്ദർശനത്തിന് ഇന്ന് തുടക്കം. ആന്ധ്രാപ്രദേശിൽ എയിംസ് മംഗളഗിരിയിലെ ബിരുദദാന ചടങ്ങിൽ ശ്രീമതി മുർമു പങ്കെടുക്കും. സെക്കന്തരാബാദിലെ രാഷ്ട്രപതി നിലയത്തിൽ വിവിധ സംരംഭങ്ങളുടെ തറക്കല്ലിടൽ നിർവ്വഹിക്കുന്ന രാഷ്ട്രപതി കോളേജ് ഓഫ് ഡിഫൻസ് മാനേജ്മെന്റിന് PRESIDENT'S COLOURS ബഹുമതി സമ്മാനിക്കും.

==================================================

## പാർലമെന്റ്

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് എന്ന ആശയം സംബന്ധിച്ച ബിൽ ലോക് സഭയിൽ. രാജ്യത്ത് ലോക് സഭാ- നിയമസഭാ തിരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്തുന്നത് ലക്ഷ്യമിട്ടുള്ളതാണ് ബിൽ. ഭരണഘടനയുടെ 129-ാം ഭേദഗതി പ്രകാരം കേന്ദ്രമന്ത്രി അർജുൻ റാം മേഘ് വാളാണ് ബിൽ അവതരിപ്പിക്കുന്നത്. ബിൽ സംബന്ധിച്ച ഉന്നതതല സമിതിയുടെ ശുപാർശകൾ കേന്ദ്ര സർക്കാർ അംഗീകരിച്ചിരുന്നു. മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് അധ്യക്ഷനായ സമിതി വിവിധ രാഷ്ട്രീയ പാർട്ടികൾ, വിദ്ഗധർ എന്നിവരുമായി നടത്തിയ ചർച്ചകൾക്ക് ശേഷമാണ് ശുപാർശകൾ തയ്യാറാക്കിയത്. ബിൽ നിയമമാകുന്നതോടെ രണ്ട് ഘട്ടങ്ങളായി ആയിരിക്കും തിരഞ്ഞെടുപ്പ് നടക്കുന്നത്. ആദ്യ ഘട്ടത്തിൽ ലോക്സഭ, നിയമസഭ തിരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്തും. പൊതുതിരഞ്ഞെടുപ്പിന് 100 ദിവസങ്ങൾക്ക് ശേഷം രണ്ടാം ഘട്ടത്തിലായിരിക്കും തദ്ദേശ തിരഞ്ഞെടുപ്പ് നടക്കുക. ലോക്സഭയിൽ കേന്ദ്രഭരണ പ്രദേശ ഭേദഗതി ബില്ലും ഇന്ന് അവതരിപ്പിക്കും. അതെസമയം, ഇന്ത്യൻ ഭരണഘടനയുടെ

RNU TVPM

75-ാാം വാർഷികത്തോടനുബന്ധിച്ചുള്ള രണ്ടു ദിവസത്തെ പ്രത്യേക ചർച്ച രാജ്യസഭയിൽ തുടരുകയാണ്. രാജ്യസഭയിൽ ഭരണഘടനയുടെ 75-ാം വാർഷികത്തോടനുബന്ധിച്ച് നടന്ന പ്രത്യേക ചർച്ചയിൽ രാജ്യസഭാ നേതാവ് ജെ.പി നഡ്ഡ സംസാരിച്ചു. ചർച്ചയ്ക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മറുപടി നൽകും.

==============================================

**മരണം-കാട്ടാന ആക്രമണം**

കോതമംഗലം കുട്ടമ്പുഴയിൽ യുവാവ് കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട സംഭവത്തിൽ കുടുംബത്തിന് സഹായധനം ഇന്നുതന്നെ നൽകുന്നതിന് നടപടി സ്വീകരിച്ചതായി വനം മന്ത്രി എകെ ശശീന്ദ്രൻ. മരണമടഞ്ഞ എൽദോസിന്റെ കുടുംബത്തിന് ഇന്നു തന്നെ മുഴുവൻ തുകയും നൽകുന്നതിന് നിർദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. സംഭവ സ്ഥലത്ത് വഴിവിളക്കുകൾ സ്ഥാപിക്കാനും ട്രഞ്ച് കുഴിക്കാനും മറ്റ് സ്ഥലങ്ങളിൽ ഹാങിങ് സോളാർ ഫെൻസിങ് സ്ഥാപിക്കാനും തീരുമാനമായിട്ടുണ്ട്.

RJU TVPM

==============================================

**ലോക് സഭ -ഡീൻ കുര്യാക്കോസ്**

കോതമംഗലം കുട്ടമ്പുഴയിൽ കാട്ടാന ആക്രമണത്തിൽ യുവാവ് കൊല്ലപ്പെട്ട സംഭവമുൾപ്പെടെ ലോക് സഭയിൽ ഉന്നയിക്കുമെന്ന് കോൺഗ്രസ് എംപി ഡീൻ കുര്യാക്കോസ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം പ്രതികരിച്ചു. ദുരന്തത്തിന് കാരണം വനം വകുപ്പ് ഉദ്യോഗസ്ഥരുടെ അലംഭാവമാണെന്നും അവർക്കെതിരെ

സംസ്ഥാന സർക്കാർ നടപടിയെടുക്കണമെന്നും ശ്രീ ഡീൻ കുരിയാക്കോസ് ആവശ്യപ്പെട്ടു.

==========================================

**പ്രധാനമന്ത്രി**

രാജസ്ഥാൻ സർക്കാർ ഒരു വർഷം പൂർത്തിയാക്കുന്നതിനോടനുബന്ധിച്ച് ജയ്പൂരിൽ നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കുന്നു. ഊർജം, റോഡ്, റെയിൽവേ, ജലം എന്നിവയുമായി ബന്ധപ്പെട്ട 46,300 കോടി രൂപയുടെ 24 പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും. തുടർന്ന് ഒരു പൊതുയോഗത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. രാജസ്ഥാൻ, മധ്യപ്രദേശ് മുഖ്യമന്ത്രിമാരും കേന്ദ്രമന്ത്രിമാരും ചടങ്ങിൽ പങ്കെടുക്കും.

==========================================

**രാജ്യാന്തര ചലച്ചിത്രമേള - (ഇൻട്രോ)**

കേരള രാജ്യാന്തര ചലച്ചിത്ര മേള അഞ്ചാം ദിനത്തിലേക്ക് കടക്കുമ്പോഴും പ്രേക്ഷക പങ്കാളിത്തത്തിന് കുറവില്ല. എല്ലാ തിയേറ്ററുകളിലും നിറഞ്ഞ സദസ്സിലാണ് ചിത്രങ്ങളുടെ പ്രദർശനം. ഇന്ന് **67** സിനിമകളുടെ പ്രദർശനമാണ് മേളയിൽ നടക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....**

**(വോയിസ്.....)**

==========================================

PNU TVPM

IFFK - **പ്രദർശനം**

IFFK യിൽ കലാം സ്റ്റാൻഡേർഡ് 5 B എന്ന ചലച്ചിത്രം ഇന്ന് പ്രദർശിപ്പിക്കും. KSFDC യും ചലച്ചിത്ര അക്കാദമിയും ചേർന്ന് ടാഗോർ തിയേറ്ററിൽ പ്രത്യേകം ഒരുക്കിയിട്ടുള്ള വ്യൂയിങ് റൂമിൽ ഉച്ചയ്ക്ക് ഒരു മണിക്കാണ് പ്രദർശനം.

==========================================

**ഇന്ത്യൻ എംബസി-ജോർജിയ**

ജോർജിയയിലെ ഗുഡൗരിയിൽ 11 ഇന്ത്യൻ പൗരന്മാരുടെ മരണം സ്ഥിരീകരിച്ച് ഇന്ത്യൻ എംബസി. സമൂഹ മാധ്യമത്തിൽ ഇന്നലെ നൽകിയ പ്രസ്താവനയിലൂടെ മരണ വിവരം സ്ഥിരീകരിച്ച ജോർജിയയിലെ ഇന്ത്യൻ എംബസി ദുഃഖിതരായ കുടുംബാംഗങ്ങളോട് അഗാധമായ അനുശോചനം രേഖപ്പെടുത്തി. മൃതദേഹങ്ങൾ ഇന്ത്യയിലേക്ക് വേഗത്തിൽ എത്തിക്കുന്നതിന് പ്രാദേശിക അധികാരിക ളുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ടെന്നും എംബസി അറിയിച്ചു. ഗുഡൗരിയിലെ ഒരു ഇന്ത്യൻ റെസ്റ്റോറന്റിൽ നടന്ന സംഭവം ജോർജിയയിലെ ആഭ്യന്തര മന്ത്രാലയം അന്വേഷിക്കുകയാണ്. കാർബൺ മോണോക്സൈഡ് വിഷബാധയേറ്റാണ് മരണം സംഭവിച്ചതെന്നാണ് പ്രാഥമിക റിപ്പോർട്ടുകൾ പറയുന്നത്. മരിച്ച 12 പേരിൽ ഒരാൾ ജോർജിയൻ പൗരനാണെന്ന് ജോർജിയൻ ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

RNU TVPM

==========================================

**നോർക്ക റൂട്ട്സ് - മുഖ്യമന്ത്രി**

നോർക്ക റൂട്ട്സ്, ലോക കേരള സഭ സെക്രട്ടറിയേറ്റിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പ്രവാസി

ദിനാചരണം നാളെ കോഴിക്കോട് നടക്കും. ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സന്ദേശം നൽകും. മന്ത്രി വി. അബ്ദുറഹിമാൻ  ദിനാചരണം ഉദ്ഘാടനം ചെയ്യും. നോർക്ക റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ, നോർക്ക വകുപ്പ് സെക്രട്ടറി കെ. വാസുകി തുടങ്ങിയവർ സംബന്ധിക്കും. പരിപാടിയിൽ നോർക്ക പദ്ധതി ഗുണഭോക്താക്കൾ അനുഭവം പങ്കുവയ്ക്കും.

=============================================

**ഗതാഗതമന്ത്രി – യോഗം**

സംസ്ഥാനത്ത് തുടർച്ചയായി റോഡപകടങ്ങൾ ഉണ്ടാകുന്ന പശ്ചാത്തലത്തിൽ ഇന്ന് ഉന്നതതല യോഗം ചേരും. ഗതാഗത മന്ത്രി  കെ.ബി ഗണേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ വൈകുന്നേരം 4 മണിക്ക് തിരുവനന്തപുരത്താണ് യോഗം. മോട്ടോർ വാഹന വകുപ്പ്, പൊലീസ്, ദേശീയ പാത അതോറിറ്റി, കെഎസ്ഇബി, പി.ഡബ്ളിയു.ഡി, റോഡ് സുരക്ഷാ വിഭാഗം എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കും.

PRD TVPM

=============================================

**വന്ദനദാസ് - കേസ്**

ഡോ. വന്ദനദാസ് കൊലക്കേസിലെ പ്രതി സന്ദീപിന്റെ ജാമ്യാപേക്ഷ സുപ്രീംകോടതി തള്ളിയ പശ്ചാത്തലത്തിൽ സാക്ഷി വിസ്താരം തുടങ്ങാൻ ഒരുക്കമാണെന്ന് പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചു. തുടർ നടപടികൾക്കായി കേസ് ഈ മാസം 30-ലേക്ക് മാറ്റി. വിചാരണ നടപടികൾ തുടങ്ങാനിരിക്കെയാണ് പ്രതി, ജാമ്യാപേക്ഷയുമായി സുപ്രീംകോടതിയെ സമീപിച്ചത്.

സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം പ്രതിയുടെ മാനസികനില പരിശോധിച്ചിരുന്നു. വിചാരണ നേരിടാൻ മാനസിക ബുദ്ധിമുട്ടില്ലെന്ന് സുപ്രീംകോടതി കണ്ടെത്തിയതോടെയാണ് ജാമ്യാപേക്ഷ തള്ളിയത്. 2023 മെയിലാണ് കൊട്ടാരക്കര താലൂക്കാശുപത്രിയിൽ പോലീസ് ചികിത്സയ്ക്കെത്തിച്ച സന്ദീപ് ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടർ വന്ദന ദാസിനെ കുത്തിക്കൊലപ്പെടുത്തിയത്.

==========================================

**ഒപെക് ഫണ്ട്**

2024 അവസാന പാദത്തിൽ ഏകദേശം ഒരു ബില്യൺ ഡോളറിന്റെ പുതിയ വികസന ധനസഹായം അനുവദിച്ച് അന്താരാഷ്ട്ര വികസനത്തിനായുള്ള ഒപെക് ഫണ്ട്. വിയന്നയിൽ നടന്ന 190-ാമത് ഗവേണിംഗ് ബോർഡ് യോഗത്തിലാണ് അംഗീകാരം ലഭിച്ചത്. ആഫ്രിക്ക, ഏഷ്യ, യൂറോപ്പ്, ലാറ്റിനമേരിക്ക എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം, ഭക്ഷ്യ സുരക്ഷ, പുനരുപയോഗ ഊർജ്ജ പദ്ധതികൾ, സാമ്പത്തിക പ്രതിരോധം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള വികസന സംരംഭങ്ങളെ ധനസഹായ പാക്കേജ് പിന്തുണയ്ക്കും. ഏഷ്യയിലെ ബംഗ്ലാദേശ്, ശ്രീലങ്ക, തുർക്കിയെ എന്നിവയുൾപ്പെടെ **ഇരുപത്തിരണ്ട്** രാജ്യങ്ങൾക്ക് ഈ ഫണ്ടിംഗിൽ നിന്ന് പ്രയോജനം ലഭിക്കും.

==========================================

**കണ്ണൂർ - എംപോക്സ്**

കണ്ണൂരിൽ എംപോക്സ് സ്ഥിരീകരിച്ചു. പരിയാരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്ന 24-കാരനാണ് രോഗം സ്ഥിരീകരിച്ചത്. യുവാവിന്റെ ആരോഗ്യസ്ഥിതിയിൽ ആശങ്കപ്പെടേണ്ട

RNU TVPM

സാഹചര്യമില്ലെന്ന് അധികൃതർ അറിയിച്ചു.
അബുദാബിയിൽ നിന്ന് കഴിഞ്ഞ ദിവസം നാട്ടിലെത്തിയ
വയനാട് സ്വദേശിക്കാണ് രോഗം സ്ഥിരീകരിച്ചത്.

==========================================

**റേഷൻ മസ്റ്ററിംഗ്**

സംസ്ഥാനത്തെ മുൻഗണനാ റേഷൻകാർഡ് അംഗങ്ങളുടെ ഇ-കെവൈസി അപ്ഡേഷനുള്ള സമയപരിധി ഈ മാസം 31 വരെ നീട്ടി. സെപ്റ്റംബർ ആദ്യവാരം ആരംഭിച്ച മസ്റ്ററിങ്ങിൽ ഇന്നലെ വരെ **88.41** ശതമാനം അംഗങ്ങൾ മസ്റ്ററിംഗ് പൂർത്തീകരിച്ചതായി മന്ത്രി ജി.ആർ അനിൽ അറിയിച്ചു.

==========================================

**മൻ കീ ബാത്**

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത്തിന്റെ 117-ാം പതിപ്പ് ഈ മാസം 29-ന്.
പരിപാടിയ്ക്കായുള്ള പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ഈ മാസം 27 വരെ സമർപ്പിക്കാം.
1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലും നരേന്ദ്ര മോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും അഭിപ്രായങ്ങൾ അറിയിക്കാം.

RNU TVPM

==========================================

**കണ്ണൂർ ഇ.എൻ.ടി ആശുപത്രി – (ഇൻട്രോ)**

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ആദ്യത്തെ ആയുർവേദ ഐ ആന്റ് ENT ആശുപത്രിക്ക് കണ്ണൂർ പരിയാരം ഗവ. ആയുർവേദ കോളേജിൽ തുടക്കമാകുന്നു. ആരോഗ്യമന്ത്രി വീണാ ജോർജ് നാളെ തറക്കല്ലിടും.

**വിശദാംശങ്ങളുമായി ആകാശവാണി**
**കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ....**
**(വോയിസ്..........)**

==========================================

**സന്തോഷ് ട്രോഫി**

78-മത് സന്തോഷ് ട്രോഫി ഫുട്ബോളിന്റെ ഫൈനൽ റൗണ്ട് മത്സരങ്ങളിൽ കേരളം ഇന്നിറങ്ങും. മേഘാലയ ആണ് കേരളത്തിന്റെ എതിരാളികൾ. ഹൈദരാബാദിൽ രാത്രി 7.30 നാണ് മത്സരം.

==========================================

**വനിതാ ക്രിക്കറ്റ്**

ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ട്വന്റി-20 വനിതാ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. രാത്രി 7-ന് നവി മുംബൈയിലെ ഡി.വൈ പാട്ടീൽ സ്റ്റേഡിയത്തിലാണ് മത്സരം. ഞായറാഴ്ച നടന്ന ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ 49 റൺസിന് വിജയിച്ചിരുന്നു. മൂന്ന് മത്സരങ്ങളുടെ പരമ്പരയിലെ അവസാന മത്സരം വ്യാഴാഴ്ച നടക്കും.

RNU TVPM

==========================================

**കെ. കൈലാഷ് നാഥൻ**

പുതുച്ചേരി ലെഫ്റ്റനെന്റ് ഗവർണർ കെ. കൈലാഷ് നാഥൻ രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് മാഹിയിലെത്തി. രാവിലെ മാഹി ഗവണ്മെന്റ് ജനറൽ ആശുപത്രിയിൽ പുതുതായി സജീകരിച്ച 10 കിടക്കകളോട് കൂടിയ ഐ.സി.യു അദ്ദേഹം ഉദ്ഘാടനം ചെയ്തു. വിവിധ പരിപാടികളിലും അദ്ദേഹം പങ്കെടുത്തു. ഉച്ചക്ക് ശേഷം

മാഹിയിൽ വകുപ്പ് മേധാവികളുടെ അവലോകന യോഗത്തിലും ലെഫ്റ്റനന്റ് ഗവർണർ പങ്കെടുക്കും. നാളെ രാവിലെ മാഹി മെഗാ ബീച്ച് ക്ലീനിങ്ങ് പരിപാടിയും പുതുച്ചേരി ലെഫ്റ്റനെന്റ് ഗവർണർ ഉദ്ഘാടനം ചെയ്യും.

==========================================

**ശബരിമല – ഭക്തജനത്തിരക്ക്**

ശബരിമലയിൽ ക്ഷേത്രദർശനത്തിന് അഭൂതപൂർവമായ തിരക്ക്. ധനുമാസം ഒന്നാം തീയതിയായ ഇന്നലെയാണ് ഏറ്റവുമധികം തീർത്ഥാടകർ ദർശനം നടത്തിയത്. ഭക്തജനത്തിരക്ക് ഇന്നും തുടരുന്നു.

==========================================

**കർദിനാൾ കൂവക്കാട് - സ്വീകരണം**

കർദിനാളായി ഉയർത്തപ്പെട്ട മാർ ജോർജ് കൂവക്കാടിന് കൊച്ചിയിൽ സ്വീകരണം നൽകി. പ്രധാനമന്ത്രിയുടെ ക്രിസ്മസ് ആഘോഷങ്ങളിലേക്ക് ക്ഷണം ലഭിച്ചിട്ടുണ്ടെന്ന് മാർ ജോർജ് കൂവക്കാട് മാധ്യമങ്ങളോട് പറഞ്ഞു. ഈ മാസം 24-ന് മാതൃ ഇടവകയിൽ സ്വീകരണം ഒരുക്കിയിട്ടുണ്ട്. വൈദികനായിരിക്കെ നേരിട്ട് കർദിനാൾ പദവിയിലേക്ക് ഉയർത്തപ്പെട്ട ഇന്ത്യയിൽ നിന്നുള്ള ആദ്യ പുരോഹിതനാണ് ചങ്ങനാശേരി അതിരൂപതാംഗമായ കർദിനാൾ ജോർജ് ജേക്കബ് കൂവക്കാട്.

==========================================

RNUTVPM

**ഓഹരി + സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 944 പോയിന്റ് താഴ്ന്ന് 80,797 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 288 പോയിന്റ് നഷ്ടത്തിൽ 24,380 ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ വർധന. പവന് **80** രൂപ കൂടി **57,200** രൂപയും ഗ്രാമിന് **10** രൂപ വർധിച്ച് **7,150** രൂപയുമാണ് ഇന്നത്തെ വില.

====================

============================

===========================================

RNUTVPM